# അടിമാലി ബ്ലോക്ക് പഞ്ചായത്ത്


അടിമാലി പി.ഒ.

അടിമാലി-685561

ഫോൺ¾04864-222 671


(An ISO 9001-2015 Certified Block Panchayath)

[illegible]

# അടിമാലിബ്ലോക്ക്പഞ്ചായത്ത്

---

## ഇടുക്കിജില്ല

# ആമുഖം

അറിയാനുള്ള ഒരു പൗരൻറെ അവകാശം നിയമംവഴി ഉറപ്പ് വരുത്തുന്നതിനാണ് പഞ്ചായത്ത് രാജ് ആക്ട് 272- എ വകുപ്പ് പ്രകാരം പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന നിഷ്കർഷിച്ചിരിക്കുന്നത്. അടിമാലി ബ്ലോക്ക് പഞ്ചായത്തിൻറെ പ്രഥമ പൗരാവകാശരേഖ 2008 ലാണ് പ്രസിദ്ധീകൃതമാകുന്നത്. 2008 ൽ പ്രസിദ്ധീകരിച്ച പൗരാവകാശ രേഖയുടെ പരിഷ്ക്കരിച്ച പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

13-ാം പഞ്ചവത്സരപദ്ധതിക്കാലയളവിലെ കഴിഞ്ഞ 5 വർഷങ്ങളിലെ പ്രവർത്തനങ്ങൾ അടിമാലി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. സാമൂഹ്യ നീതിയിലധിഷ്ഠിതവും പരിസ്ഥിതി സംരക്ഷണപരവുമായ സുസ്ഥിരവികസനം സാധ്യമാക്കുന്ന സമീപനമാണ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. നവകേരള സൃഷ്ടിക്കായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 4 മിഷൻ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടുകൾ ഈ വികസന സമീപനത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത ്. ജനാധിപത്യപരമായി ലഭ്യമായിട്ടുള്ള അധികാരം ജനക്ഷേമത്തിനും പുരോഗതിക്കുമായി വിനിയോഗിക്കുക എന്ന ജനാധിപത്യപരമായ കാഴ്ചപ്പാടിന് വിധേയമായി പുതിയൊരു വികസന സംസ്കാരം സൃഷ്ടിക്കുന്നതിനായി കക്ഷി-രാഷ്ട്രീയ ഭേദമന്യേ അധികാര വികേന്ദ്രീകരണ പ്രക്രിയ അനുശാസിക്കുന്ന എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത ് മുന്നോട്ടു പോകുന്നത്.

ബ്ലോക്കുപഞ്ചായത്തിൻറെ നിലവിലുള്ള കെട്ടിടം, പൊതു ജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി നൽകുന്നതിനുപയുക്തമായ രീതിയിൽ നവീകരിച്ച് ് തയ്യാറാക്കിയിട്ടുണ്ട്. ്.ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്, ക്ഷീരകർഷകർക്ക് ഉല്പാദനത്തിന് ആവശ്യമായ സബ്സിഡി, ഭിന്ന ശേഷി കുട്ടികൾക്ക് സ്പീച്ച് തെറാപ്പി, അടിമാലി താലൂക്കാശുപത്രിയിൽ ഓക്സിജൻ പ്ലാൻറ്, സീവേജ്

പ്ലാൻറ്, നൈപുണ്യ വികസന കോഴ്സുകൾ ഭിന്ന ശേഷി കലോത്സവം കാർഷിക വിപണന കേന്ദ്രങ്ങളുടെ നിർമ്മാണം, ജലസേചന സൗകര്യങ്ങളുടെ വർദ്ധന എന്നിങ്ങനെ വിവിധ പദ്ധതികൾ ഇക്കാലയളവിൽ നടപ്പിലാക്കാൻ സാധിച്ചത് ബ്ലോക്ക് പഞ്ചായത്തിൻറെ പ്രധാന നേട്ടങ്ങളാണ്.

2019 ൽ ബ്ലോക്ക് പഞ്ചായത്തിനെ ഐ.എസ്.ഒ 9001 – 2015 നിലവാരത്തിലേക്ക് ഉയർത്തുക വഴി പൊതുജനങ്ങൾക്ക് മച്ചപ്പെട്ടസേവനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 2008 ൽ പ്രസിദ്ധീകരിച്ച ഈ പൗരാവകാശ രേഖ കാലാനുസൃതമായി പുതുക്കുന്നതിലൂടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും സേവനങ്ങൾ ചിട്ടപ്പെടുത്തി സമയബന്ധിതമായ സേവനം പൊതു ജനങ്ങൾക്ക്

ഉറപ്പാക്കുക എന്നതാണ് ഈ രേഖ പ്രസിദ്ധീകരിക്കുന്നതിലൂടെ അടിമാലി ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമാക്കുന്നത്. ഒപ്പം ജനങ്ങളുമായിട്ടുള്ള ബന്ധം കൂടുതൽ ശക്തവും, ദൃഢവും സുതാര്യവുമായി മാറ്റി പദ്ധതി രൂപീകരണ നിർവ്വഹണ-പരിശോധനാഘട്ടങ്ങളിലാകെ ഒത്തൊരുമയോടെയും ജനപങ്കാളിത്തത്തോടെയും മുന്നോട്ടു പോകുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

# അടിമാലി ബ്ലോക്ക് പഞ്ചായത്ത്

# പൗരാവകാശരേഖ

പൗരാവകാശരേഖയിലുള്ള സേവനങ്ങൾ അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ പൗരൻമാർക്കും സമയബന്ധിതമായി ലഭിക്കുന്നതാണ്.

സർക്കാരിൻറെ കാലാകാലങ്ങളിലുള്ള നിയന്ത്രണത്തിന് വിധേയമായിട്ടാണ് പല ക്ഷേമപദ്ധതികളും നടപ്പാക്കുന്നത്. ധനസഹായം സർക്കാരിൽ നിന്നോ മറ്റ് ബന്ധപ്പെട്ട ഏജൻസികളിൽ നിന്നോ ലഭിക്കുന്ന പ്രകാരം മാത്രമേ നൽകാൻ സാധിക്കൂ.

സ്ഥാപനമേധാവി ഇല്ലാത്ത സമയങ്ങളിൽ സേവനങ്ങൾ നൽകുവാനോ അല്ലെങ്കിൽ സേവനം ലഭ്യമാകുന്ന ഏറ്റവും അടുത്ത സമയം അപേക്ഷകനെ അറിയിക്കുവാനോ ഉള്ള ചുമതല ഓഫീസിലുള്ള തൊട്ടടുത്ത ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ എന്നിവയുടെ പൗരാവകാശ ഘടകങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്.

ഈ രേഖയിൽ പറയുന്ന സേവനങ്ങൾ യഥാസമയം ലഭ്യമാകുണ്ടന്നില്ലെങ്കിൽ ഓഫീസ് മേധാവിയോട് കാരണം തിരക്കാവുന്നതും മറുപടി തൃപ്തികരമല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിനോട് പരാതിപ്പെടാവുന്നതും പരിഹാരം

തേടാവുന്നതുമാണ്. പൗരാവകാശരേഖയിലെ വ്യവസ്ഥകൾ നടപ്പാക്കപ്പെടുന്നതിൽ വീഴ്ച വരുത്തുകയോ ലംഘിക്കപ്പെടുകയോ കാരണം കൂടാതെ കാലതാമസം സംഭവിക്കുകയോ ചെയ്താൽ ബ്ലോക്ക് തലത്തിലുള്ള പ്രാദേശിക പരാതി പരിഹാര സംവിധാനത്തിലോ, തദ്ദേശഭരണ ട്രിബ്യൂണൽ മുമ്പാകെയോ, ഓംബുഡ്സ്മാന് മുമ്പിലോ യുക്തമായ പരാതി ബോധിപ്പിച്ച് പരിഹാരം തേടാവുന്നതാണ്

# അടിമാലി ബ്ലോക്ക് പഞ്ചായത്ത്
# പൊതുവിവരങ്ങൾ

വിസ്തൃതി : 519.7 ചതുരശ്ര കിലോമീറ്റർ

കിഴക്ക് : ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

തെക്ക് : ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

പടിഞ്ഞാറ് : കോതമംഗലംബ്ലോക്ക് പഞ്ചായത്ത്

വടക്ക് : ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

ജനസംഖ്യ

ആകെ : 126327

സ്ത്രീകൾ : 63041

പുരുഷൻമാർ : 63336

എസ്.സി : 11420

എസ്.ടി : 8589

ആകെ വീടുകൾ : 32507

ജനസാന്ദ്രത : 439 /ച.കി.മീ

ജില്ല : ഇടുക്കി

താലൂക്ക് : ദേവികുളം

അസംബ്ലി മണ്ഡലം : ദേവികുളം

എം.എൽ.എ : ശ്രീ. അഡ്വ.എ രാജ

(ബഹു.ദേവികുളം എം.എൽ.എ)

ലോക്സഭാ മണ്ഡലം : ഇടുക്കി

പാർലമെൻറ് മെമ്പർ : അഡ്വ. ഡീൻ കുര്യാക്കോസ്

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് : ശ്രീ. കെ റ്റി ബിനു

ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

അടിമാലി ഡിവിഷൻ : ശ്രീമതി. സോളി ജീസസ്

| | | |
|---|---|---|
| മൂന്നാർ ഡിവിഷൻ | : | അഡ്വ.ഭവ്യ കണ്ണൻ |
| രാജാക്കാട് ഡിവിഷൻ | : | ശ്രീമതി. ഉഷാകുമാരി മോഹൻകുമാർ |
| മുരിക്കാശ്ശേരി ഡിവിഷൻ | : | ശ്രീമതി .ഷൈനി സജി |
| ബ്ലോക്ക് ഡിവിഷൻ | : | 13 |
| ഗ്രാമപഞ്ചായത്ത് വാർഡുകൾ | : | 88 |
| ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രം | : | അടിമാല |